# ഗൈഡ് ലൈൻസ്

1955ലെ തിരുവിതാംകൂർ കൊച്ചി സാഹിത്യ ശാസ്ത്രീയ ധർമ സംഘങ്ങൾ രജിസ്ട്രാക്കൽ ആക്ട് അനുസരിച്ച് മാജിക്കിനെ സംരക്ഷിക്കുവാനും ഉയർത്തുവാനും വേണ്ടി രജിസ്റ്റർ ചെയ്ത സ്ഥാപനമാണ് ദി അക്കാദമി ഓഫ് മാജിക്കൽ സയൻസസ്. (രജി.നമ്പർ: T -92/1996)

നമ്മുടെ സമൂഹത്തിലെ നിരാലംബരായ വ്യക്തികളെ പൊതുധാരയിലേയ്ക്ക് കൈപിടിച്ചുയർത്തുന്നതിലേയ്ക്കായി കേരള സർക്കാർ സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള കേരള സോഷ്യൽ സെക്യൂരിറ്റി മിഷനുമായി (കെ.എസ്.എസ്.എം) സഹകരിച്ചുകൊണ്ട് 2017ൽ ഒരു പദ്ധതിക്ക് രൂപം കൊടുത്തു. അപ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന 23 കുട്ടികൾക്ക് സൗജന്യമായി മാജിക് പരിശീലനം നൽകി. തുടർന്ന് ഇവർ കേരള സർക്കാരിന്റെ അനുയാത്ര പദ്ധതിയുടെ ബ്രാൻഡ് അംബാസഡർമാരായി മാറി. ഇതിൽ കുറച്ചുപേർ ഇപ്പോൾ മാജിക് പ്ലാനറ്റിലെ എംപവർ സെന്ററിൽ സന്ദർശകർക്കായി സ്ഥിരമായി ജാലവിദ്യകൾ അവതരിപ്പിച്ചുവരികയാണ്. എം പവർ സെന്റർ സാമൂഹ്യനീതി വകുപ്പിന്റെയും യുനിസെഫിന്റെയും സഹകരണത്തോടെയാണ് നടന്നുവരുന്നത്. 2017 നവംബർ 1നാണ് കേരള മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ ഈ സെന്റർ ഉദ്ഘാടനം ചെയ്തത്. കാണികളുടെ കരഘോഷവും അംഗീകാരവും ആവോളം ലഭിക്കുക വഴി ജാലവിദ്യ അവതരിപ്പിച്ച മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളിൽ പ്രചോദനാത്മകമായ ഒരു മാറ്റം ദൃശ്യമായി. ഇപ്പോൾ അവർ സാധാരണ കുട്ടികളെപ്പോലെ എല്ലാവരോടും പെരുമാറുവാൻ ശീലിച്ചു കഴിഞ്ഞു. അവർ മാജിക് പ്ലാനറ്റിലെ ജീവനക്കാരായി മാറി. അവരുടെ സ്ഥിതിയിൽ മാത്രമല്ല അവരുടെ കുടുംബത്തിന്റെ സ്ഥിതിയിലും കാതലായ മാറ്റങ്ങളുണ്ടായി. മാനസിക വെല്ലുവിളി നേരിടുന്നവരോടുള്ള സമൂഹത്തിന്റെ മനോഭാവത്തിലും കാര്യമായ മാറ്റം ഉണ്ടാക്കുവാൻ ഇപ്രകാരം കഴിഞ്ഞു.

ഈ കുട്ടികളുടെ ശാരീരികവും മനോവിജ്ഞാനീയവുമായ മേഖലകളിൽ ഉണ്ടായ മാറ്റങ്ങൾ സംബന്ധിച്ച് കേരള സർക്കാരിന്റെ കീഴിലുള്ള ചൈൽഡ് ഡെവലപ്മെന്റ് സെന്റർ ഒരു പഠനം നടത്തി. പ്രസ്തുത പഠനത്തിൽ ഇവരിൽ കാര്യമായ മാറ്റങ്ങൾ സംഭവിച്ചിട്ടുള്ളതായി രേഖപ്പെടുത്തി. കുട്ടികളുടെ മനോഭാവത്തിൽ കാര്യമായ മാറ്റങ്ങൾ സംഭവിച്ചിട്ടുള്ളതും സി.ഡി.സി കണ്ടെത്തി. പരിശീലകരിൽ നിന്നും ലഭിച്ച അറിവുകളും പ്രോത്സാഹനങ്ങളും കാണികളുടെ മുക്തകണ്ഠമായ അഭിനന്ദനങ്ങൾ പിടിച്ചു പറ്റുന്നതിന് ഇവരെ സഹായിച്ചു. കുട്ടികളിൽ സമൂലമായ ഒരു മാറ്റം വരുത്തുന്നതിന് ഈ പരിശീലനമുറകൾ സഹായിച്ചു. അതോടെ അവരുടെ വ്യക്തിത്വം വികസിക്കുവാനും കാരണമായി. അവർ സ്വതന്ത്രവും ആത്മാഭിമാനമുള്ളവരുമായി മാറി. ഇവരുടെ ഭാവി സംബന്ധിച്ച് യാതൊരുവിധ ആശങ്കകളും ഇപ്പോഴില്ലെന്ന് ഇവരുടെ രക്ഷിതാക്കൾ പറയുവാൻ തുടങ്ങി. മാത്രമല്ല ഇവരുടെ കാര്യങ്ങൾ സ്വന്തമായി നോക്കുവാനുള്ള ഒരു നിലയിൽ ഇവരെത്തിയതായും അവർ അറിയിച്ചു. എല്ലാറ്റിനുമുപരി എം പവർ സെന്ററിലെ പരിപാടികൾ ഈ കുട്ടികളുടെ മാനസികാരോഗ്യ വർദ്ധിപ്പിക്കുന്നതിനും സാമൂഹ്യ വികസനത്തിൽ പങ്കാളികളാക്കുന്നതിനും കാരണമായി.

ഈ സാഹചര്യത്തിലാണ് കൂടുതൽ ആൾക്കാരിലേയ്ക്ക് ഇതിന്റെ ഗുണഫലമെത്തിക്കുന്നതിലേയ്ക്കായി മാജിക് അക്കാദമി സാമൂഹ്യ സുരക്ഷാ മിഷനുമായി ചേർന്ന് ഡിഫറന്റ് ആർട്സ് സെന്റർ (ഡി.എ.സി) എന്ന ഒരു പുതിയ പദ്ധതിക്ക് രൂപം നൽകിയത്. ഏഴു കേന്ദ്രങ്ങളിലായി സംഗീതം, ഉപകരണ സംഗീതം, നൃത്തം, സിനിമ, നാടകം, പെയിന്റിംഗ്, ജാലവിദ്യ തുടങ്ങിയ വിവിധ കലാരൂപങ്ങൾ അവതരിപ്പിക്കുവാൻ അവസരമൊരുക്കിയാണ് ഡിഫറന്റ് ആർട്സ് സെന്റർ രൂപകൽപ്പന ചെയ്തിരിക്കുന്നത്. അനുയാത്ര അംബാസഡർമാരായ കുട്ടികളിലുണ്ടായ വ്യതിയാനം പോലെ നല്ലൊരു മാറ്റം ഇവരിലും ഇവരുടെ കുടുംബങ്ങളിലും അതിലൂടെ സമൂഹത്തിലും പ്രതീക്ഷിച്ചുകൊണ്ടാണ് ഈ പദ്ധതിയിൽ പരിശീലനം നൽകുന്നത്.

♦ തിരഞ്ഞെടുത്ത കുട്ടികൾക്ക് ഒരു മാസത്തെ പരിശീലനാനന്തരം സ്റ്റൈഫന്റ്/സ്കോളർഷിപ്പ് തുകയായി 01.11.2019 മുതൽ പ്രതിമാസം 5000 രൂപ (അയ്യായിരം രൂപാ മാത്രം) നൽകുന്നതായിരിക്കും.

- പരിശീലനാനന്തരം ഇവർക്ക് ഡി.എ.സിയിൽ പരിപാടികൾ അവതരിപ്പിക്കുവാനുള്ള അവസരം ഉണ്ടായിരിക്കും.

- കേരള സോഷ്യൽ സെക്യൂരിറ്റി മിഷന്റെ നേതൃത്വത്തിൽ ഇവരുടെ സൈക്കോ സോഷ്യൽ വിലയിരുത്തലുകൾ പരിശീലനത്തിനു മുമ്പും പരിശീലനാനന്തരം ഡി.എ.സിയിൽ ഒരു വർഷം പരിപാടികൾ അവതരിപ്പിക്കുന്നവർക്ക് അതിനുശേഷവും ഉണ്ടായിരിക്കും.

- മാജിക് പ്ലാനറ്റിൽ തികഞ്ഞ അച്ചടക്കത്തോടെ പെരുമാറേണ്ടത് പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഓരോ കലാകാരന്മാരുടെ കൂടെയും ഉത്തരവാദിത്വമുള്ള ഒരു സഹായി നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. അച്ചടക്ക ലംഘനം ആരുടെ ഭാഗത്തുനിന്നുണ്ടായാലും അവരെ പറഞ്ഞുവിടുന്നതായിരിക്കും.

- ഡി.എ.സിയിലെ പരിശീലനത്തിന് തിരഞ്ഞെടുത്തവരിൽ മികവു കാട്ടുന്നവർക്കു മാത്രമേ പരിപാടികൾ അവതരിപ്പിക്കുന്നതിനുള്ള അവസരം ഉണ്ടായിരിക്കുകയുള്ളൂ. പരിശീലന സമയത്തെ മൊത്തം പ്രകടനത്തെ ആസ്പദമാക്കിയായിരിക്കും പരിപാടികൾ അവതരിപ്പിക്കുന്നതിന് തിരഞ്ഞെടുക്കുന്നത്. ഇവരും മാജിക് അക്കാദമിയും തമ്മിൽ എംപ്ലോയർ എംപ്ലോയീ ബന്ധങ്ങൾ ഒന്നും തന്നെ ഉണ്ടായിരിക്കുന്നതല്ല.